(ബി) അവക്കെല്ലാം വീണ്ടും ഉദ്യോഗം കൊടുക്കാൻ ഗവണ്മെണ്ടിനു കഴിഞ്ഞിട്ടുണ്ടോ;

(സി) കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണു്?

എക്സൈസും വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ).

(എ) നമ്പൂ ആക്ടിംഗ് നാലാംഗ്രേഡ് താർഡറന്മാരെ പിരിച്ചുവിട്ടിട്ടുണ്ടു്.

(ബി) ഏ ഏ പേരെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ടു്. ബാക്കിയുള്ളവക്കു് പബ്ളിക്ക് സർവ്വീസ് കമ്മീഷണർ മുഖാന്തിരം ജോലി കൊടുക്കുന്നതാണു്.

(സി) ബി. യുടെ ഉത്തരം നോക്കുക.

ശ്രീ. പി. നാണു: ഏ ൫ ത്രുപാവരെ ശമ്പളം ഉണ്ടായിരുന്നവക്കു് ഇൻഫീരിയർ സർവ്വീസ്, അതായതു് ഉദ്യോഗം കിട്ടാത്തവക്കു് ഇൻഫീരിയൽ സർവ്വീസിൽ ഉദ്യോഗം കൊടുക്കാനാണോ നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. എൻ. കണ്ണൂരാമൻ: അവരെ സംബന്ധിച്ചിടത്തോളം റീരജിസ്റ്റർ ചെയ്യുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിനുംപുറമെ അവക്കുണ്ടായിരുന്ന സർവ്വീസും പരിഗണിക്കുന്നതാണു്.

ശ്രീ. പി. നാണു: അങ്ങനെ ചെയ്യുന്നതു് പബ്ളിക്ക് സർവീസ് റൂം ൪൦–ാംവകുപ്പനുസരിച്ചു് അനുവദിക്കത്തക്കതല്ലെന്നറിയാമൊ?

ശ്രീ. എൻ. കണ്ണൂരാമൻ: അറിയാം.

ശ്രീ. വി. ഗംഗാധരൻ: പിരിച്ചുവിട്ടവരിൽ അധികം ആളുകൾക്കും പത്തു പന്ത്രണ്ടു വർഷത്തിൽ കൂടുതൽ സർവ്വീസുണ്ടായിരുന്നുവെന്നു കേൾക്കുന്നതു് ശരിയാണൊ?

ശ്രീ. എൻ. കണ്ണൂരാമൻ: മൂന്നാലു കൊല്ലം സർവ്വീസ് ഉണ്ടെന്നല്ലാതെ അതിൽ കൂടുതൽ സർവ്വീസുണ്ടെന്നു തോന്നുന്നില്ല.

കൂട്ടനാട്ടു കർഷകസംഘത്തിലെ നിവേദനം

*൯൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൂട്ടനാട്ടു കർഷകസംഘത്തിൽനിന്നും ഏ൫-ൽ വിളവെടുപ്പിനുശേഷം ഒരു നിവേദനം ഗവണ്മെണ്ടിലേക്കു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു?

(സി) പ്രസ്തുത ആവശ്യങ്ങളിൽ ഗവണ്മെണ്ടു് എന്തെല്ലാം നടപ്പിൽ വരുത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസു്): (എ) ഉണ്ടു്.

(ബി) നിവേദനത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടു്.

(൧) ഉൽപ്പാദനച്ചിലവിനായിട്ടു് കർഷകനു് ന്യായമായ പ്രതിഫലം കിട്ടത്തക്കവിധത്തിൽ ഇപ്പോഴത്തെ വിലയ്ക്കും പുറമെ ഏ ത്രുപാ ൨ $\frac{1}{2}$ അണ സബ്സിഡിയായി നൽകണം.

(൨) കൂട്ടനാട്ടിലെ കൃഷിയുടെ പ്രത്യേകതയെ പരിഗണിച്ചു് പമ്പിംഗ് ചെലവു മുഴുവനും ഗവണ്മെണ്ടിൽനിന്നും വഹിക്കണം.

(൩) കൂട്ടനാട്ടിലെ എല്ലാ കൃഷിക്കാർക്കും വിത്തുകുലിക്കും കൃഷിച്ചെലവിനുമായി ഏക്കറൊന്നിനു് ൩൦ പറ നെല്ലുവീതം അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(ഴ) കൃഷിക്കാക്ക് മറ്റു രാജ്യങ്ങളിലെപ്പോലെ ക്ഷേണച്ചെലവിനു് ന്യൂ പറ നെല്ല വീതമെങ്കിലും അനുവദിക്കണം.

(ഋ) കൂട്ടവളം ഫലപ്രദമല്ലാത്തതിനാൽ ഓരോ വളങ്ങളും പ്രത്യേകം പ്രത്യേകമായി സൗജന്യനിരക്കിൽ കൊടുക്കണം.

(ന) ഏക്കർ ബേസിസിൽ ക്ലിപ്തതോതിൽ നെല്ല് എടുക്കത്തക്കവിധത്തിൽ ഏർപ്പാടു ചെയ്യണം.

(ഺ) ഫ്രഞ്ചു-ലെ കണ്ടുകൃഷികരം അടച്ചിട്ടുള്ള എല്ലാവക്കും ഇപ്പോൾ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കിട്ടത്തക്കവിധത്തിൽ ഉത്തരവു ഭേദഗതിചെയ്യണം.

(ഩ) ഒരു കർഷകൻ കൃഷിചെയ്തുകൊണ്ടിരിക്കുന്ന നിലം മാറി മറ്റു നിലം കൃഷിചെയ്യേണ്ടതായിവരുന്നപക്ഷം അയാളുടെ കൈവശം നെല്ലുണ്ടെങ്കിൽ ആയതിൽനിന്നും നെല്ല് അനുവദിച്ചു കൊടുത്തിരുന്ന മുറ അനുസരിച്ചു് മേലാലും തരേണ്ടതാണു്. നെല്ല കൈവശം വരാതെ കൃഷിചെയ്യേണ്ടിവരുന്നവക്ക് ഗവമ്മെണ്ടിൽനിന്നും നെല്ലും വിത്തും അനുവദിക്കണം.

(ന) കൂട്ടനാടു ഒരു പ്രത്യേക താലൂക്കായി പരിഗണിച്ചു കൂട്ടനാട്ടിലെ കൃഷിക്കാക്ക് കുലിച്ചിലവിനുള്ള നെല്ല കൃഷിസ്ഥലങ്ങളിൽ യഥേഷ്ടം കൊണ്ടുപോകുന്നതിനുള്ള അനുവാദം നൽകണം.

(ഫ ഠ) കഴിഞ്ഞ വിളവെടുപ്പുകാലത്തു ഗവേഷണവകുപ്പു മുഖാന്തിരം വിളവു തിട്ടപ്പെടുത്തി ഗവമ്മെണ്ടിലേക്കു വരുത്തിയിട്ടുള്ള സ്റ്റേറ്റുമെൻറു എത്രയും വേഗം പ്രസിദ്ധപ്പെടുത്തണം.

(ഫ ഫ) പുളിയെമ്പുംകൊണ്ടു വളരെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന നിലങ്ങൾക്ക് കുറഞ്ഞ വിലക്ക് കക്ക പൊടിച്ചു നൽകണം.

(സി) സൗജന്യനിരക്കിൽ വളം കൂട്ടുചേർക്കാതെ പ്രത്യേകം പ്രത്യേകം നൽകുന്നതിനും കക്ക പൊടിച്ചുടൻ ഒന്നിനു് പത്തു രൂപ വിലക്ക് (സൗജന്യനിരക്കിൽ) പുളിനിലങ്ങൾക്ക് നൽകുന്നതിനും ഗവമ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്. കൂട്ടനാട്ടിലെ കൃഷിക്കാർ ഉന്നയിച്ചിട്ടുള്ള മറ്റു ആവശ്യങ്ങൾ ഗവമ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഇപ്പോൾ കൊടുത്തുവരുന്ന നെല്ലിൽ വല്ല കുറവും വരുത്തുന്നതിനുവേണ്ടി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനൊരുത്തരവു് പാസായിട്ടുണ്ടു്. പക്ഷെ അതു് അബോയൻസിൽ വച്ചിരിക്കുകയാണു്.

ശ്രീ. കെ. എം. കോര: ഗവേഷണത്തിന്റെ ഫലം എന്തായിയെന്നു് പ്രസിദ്ധപ്പെടുത്താൻ മടിയുണ്ടാകുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അവ മേശപ്പുറത്തു വയ്ക്കുന്നതായിരിക്കും.

MUNICIPAL MARKETS

*35 [5] **Sri. N. D. Jose:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

whether the Government is aware of increasing complaints regarding the collection of gate fee etc., in Municipal markets, by contractors and their subordinates.

എക്സൈസും വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ): അതേ.

ശ്രീ. പി. സി. ജോർജ്ജ്: അതിനെ തടയുന്നതിനു് വല്ല നടപടിയും ഗവമ്മെണ്ടു് കൈക്കൊണ്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly